പൗരനു് സമാധാനത്തോടുകൂടി ജീവിക്കാനുള്ള അന്തരീക്ഷം നശിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാരെ നിലയ്ക്കു് നിറുത്തുവാൻ ഈ വൈകീയ വേളയിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി മുമ്പോട്ടു് വരണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇതിനെക്കുറിച്ചു് അന്വേഷിച്ചു് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. കെ. കരുണാകരൻ: ഇതിനെക്കുറിച്ചു് പ്രത്യേക തരത്തിലുള്ള ഒരന്വേഷണം നടത്തുമോ, അതോ സാധാരണ നിലയിലുള്ള അന്വേഷണം നടത്തുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കാര്യമായ അന്വേഷണം നടത്തുന്നതാണു്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയത്തിനു് അനുമതി നൽകുന്നില്ല.

III. ശ്രദ്ധ ക്ഷണിക്കൽ

(1) കൊഫാർമ കമ്പനി കടമായി വാങ്ങിയ കൊക്കോയ്ക്കു് വില നൽകാത്തതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, കഴിഞ്ഞ ഒന്നരവർഷംകൊണ്ടു് കൊക്കൊ കർഷകരിൽനിന്നും 1980-ൽ കമ്പനീസ് ആക്ടു് അനുസരിച്ചു് രജിസ്റ്റർ ചെയ്ത ഒരു കമ്പനിയായ 'കൊഫാർമ' എന്ന കമ്പനി കടമായി കൊക്കൊ വാങ്ങിക്കൊണ്ടിരിക്കുകയാണു്. മീനച്ചിൽ താലൂക്കിലെ പതിനാറു് ഏജൻറുമാരിൽനിന്നും 19 ലക്ഷം രൂപയുടെ കൊക്കൊ ഈ കമ്പനി വാങ്ങിയിട്ടുണ്ടു്. എന്നിട്ടു് ഇതേവരെ ഒരു നയാപൈസപോലും കൊക്കൊ കൃഷിക്കാർക്കു് നൽകിയിട്ടില്ല. ഈ സംസ്ഥാനത്തു് എവിടെയെല്ലാം കൊക്കൊ ഉൽപ്പാദിപ്പിക്കുന്നുണ്ടോ അവിടെ നിന്നെല്ലാം ഇവർ കൊക്കൊ വാങ്ങാറുണ്ടു്. കോതമംഗലത്തു് ഉള്ള ഏജൻറിൽനിന്നും കൊക്കൊ വാങ്ങിയ വകയിൽ 3 ലക്ഷം രൂപ ലഭിക്കാനുണ്ടു്. സർ, ഈ കൊഫാർമ എന്ന സ്ഥാപനം ആരംഭിക്കുന്നതിൻറെ ആലോചനായോഗം കോട്ടയത്തു് ഭരണകക്ഷിയിൽപ്പെട്ട ഒരു പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസിൽ വച്ചാണു് നടന്നതു്. അതുകൊണ്ടു് കൃഷിക്കാർ കൊഫാർമയിൽ വിശ്വാസമർപ്പിച്ചു. ഇതിൻറെ മാനേജിംഗ് ഡയറക്ടറായ കെ. എ. ജോസഫ് എന്നു പറയുന്ന ആൾ മദ്രാസിലെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൽനിന്നും അഴിമതിയാരോപണത്തിൻറെ പേരിൽ പിരിച്ചുവിടപ്പെട്ട ആളാണു്. സർ, എൻറെ അറിവു് ശരിയാണെങ്കിൽ കൊഫാർമ എന്നു പറയുന്ന സ്ഥാപനം കൊക്കൊ കർഷകർക്കു് ഒരു കോടിയിൽപ്പരം രൂപ കൊടുക്കാനുണ്ടെന്നാണു് തോന്നുന്നതു്. അപ്പോൾ ഗവൺമെൻറിനു് ഇതിൽ യാതൊരു ഉത്തരവാദിത്വവും ഇല്ലെന്നു പറഞ്ഞു് ഒഴിഞ്ഞുമാറാൻ സാധ്യമല്ല. കമ്പനീസ് ആക്ടു് അനുസരിച്ചു് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമാണിതു്. സ്വാഭാവികമായും കർഷകർക്കു് വിശ്വാസം ജനിക്കത്തക്കരീതിയിലുള്ള ആളുകളാണു് ഇതിൻറെ നേതൃസ്ഥാനത്തു് ഇരിക്കുന്നതു്,

LIBRARY ARCHIVES Kerala Legislative Assembly

കൊഫാർമ എന്നു പറയുന്ന ഈ കറക്കുകമ്പനി ആദ്യം ഉണങ്ങിയ കൊക്കൊ വാങ്ങിച്ചു. പിന്നീട് പച്ചകൊക്കൊ വാങ്ങിച്ചു. കൊക്കൊ വാങ്ങിയത് മുഴുവൻ കിലോഗ്രാമിന് 50 പൈസവച്ചും 80 പൈസവച്ചും ആയിരുന്നു. ശ്രീ. കെ. എം. മാണിയുടെ നേതൃത്വത്തിലുള്ള കേരള കോൺഗ്രസിന്റെ നേതാവ് ശ്രീ. ഒ. വി. ലൂക്കോയും ഇടുക്കി ജില്ലാ സെക്രട്ടറിയും ഉൾപ്പെടെ വട്ടക്കാവ് ബേബിച്ചൻ സ്റ്റേറ്റ് കമ്മിറ്റി മെമ്പർമാർ തുടങ്ങിയ ആളുകളാണ് ഈ കൊഫാർമ എന്ന കറക്കുകമ്പനിയിലെ ഡയറക്ടർബോർഡിൽ ഉള്ളത്. കൊക്കൊയുടെ പ്രൊക്യുവർമെന്റ് അവസാനിപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഒരു തീരുമാനമെടുത്തപ്പോൾ ഈ കറക്കുകമ്പനിക്ക് ഒരു കൊയ്ത്ത് ആയിരുന്നു. അതായത് കർഷകർക്ക് അവരുടെ ഉൽപ്പന്നം എവിടെയെങ്കിലും കൊടുക്കണമല്ലോ. അതുകൊണ്ടാണ് ഈ സ്ഥാപനത്തിന് അവർ കൊക്കൊ കൊടുത്തത്. പക്ഷേ ഈ കറക്കുകമ്പനി വാങ്ങിയ കൊക്കൊ മുഴുവൻ വിറ്റഴിക്കുവാൻ യാതൊരുവിധ പ്രയാസവും ഉണ്ടായിരുന്നില്ല. എന്നിട്ടും ഒരു പൈസപോലും കർഷകർക്ക് കൊടുക്കാതിരിക്കുന്ന ഈ കറക്കുകമ്പനിയുടെ ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുത്തേ മതിയാകൂ. കാരണം കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തതാണ്. ഇതിൽനിന്നും ഗവൺമെന്റ് ഒഴിഞ്ഞുമാറരുതെന്നാണ്. ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താനുള്ളത്.

കൃഷിയും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, ഈ ഗവൺമെന്റ് ഒരു പ്രൈവറ്റ് സ്ഥാപനത്തേയും കൊക്കൊ വാങ്ങാൻ ഏർപ്പെടുത്തിയിരുന്നില്ല. ഗവൺമെന്റ് കഴിഞ്ഞകൊല്ലം കൊക്കൊ വാങ്ങാൻ ഏർപ്പെടുത്തിയത് മാർക്കറ്റിംഗ് ഫെഡറേഷനെയാണ്. ഈ കൊല്ലവും കൊക്കൊ വാങ്ങാൻ മാർക്കറ്റിംഗ് ഫെഡറേഷനോടും കാംകോയോടും ആണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഏതെങ്കിലും ഒരു പ്രൈവറ്റ് സ്ഥാപനം കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും കൊക്കൊ വാങ്ങുകയും ചെയ്താൽ അതിന്റെ ഉത്തരവാദിത്വം മുഴുവൻ ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ശ്രീ. പി. സി. ജോർജ് വിചാരിക്കുന്നുവെങ്കിൽ അത് തെറ്റാണ്. അങ്ങിനെ ഒരു നിയമവുമില്ല ഗവൺമെന്റ് അങ്ങനെ ചെയ്യേണ്ടതില്ല. പിന്നെ ഏതെങ്കിലും പ്രൈവറ്റ് കമ്പനീസ് കൊക്കൊ കർഷകർക്ക് കൊക്കൊ വാങ്ങിയ വകയിൽ പൈസ കൊടുക്കാനുണ്ടെങ്കിൽ കേസ് പറഞ്ഞു പണം വാങ്ങിച്ചുകൊള്ളണം. അതാണ് എനിക്ക് പറയാനുള്ളത്. ഇന്നലെ ഈ റസല്യൂഷൻ കിട്ടിക്കഴിഞ്ഞശേഷം ഞാൻ അതിനെക്കുറിച്ച് കൊക്കൊ ഡവലപ്പ്മെന്റ് ഓഫീസറെ അയച്ച് അന്വേഷിപ്പിച്ചു. അദ്ദേഹം മേൽപറഞ്ഞ കൊഫാർമ കമ്പനിയിലെ പ്രസിഡന്റുമായി സംസാരിച്ച് കാര്യങ്ങൾ മനസ്സിലാക്കി. അല്ലാതെ മറ്റ് ആരോടും അന്വേഷിക്കുവാൻ സാധിച്ചിട്ടില്ല. കേരള കർഷക യൂണിയൻ, കോട്ടയത്തിന്റെ ട്രേഡിംഗ് വിങ്ങ് ആയിട്ടാണ് ഈ കമ്പനി രജിസ്റ്റർ ചെയ്തിട്ടുള്ളത്. കൊഫാർമ എന്നു പറയുന്ന കമ്പനി കൊക്കൊ കർഷകരിൽനിന്നും 500 മെട്രിക് ടണ്ണോളം കൊക്കൊ വാങ്ങിയിട്ടുണ്ട്. ആദ്യം ഇവർ ഉണക്ക കൊക്കൊ വാങ്ങി, പിന്നീട് പച്ച കൊക്കൊയും വാങ്ങി. അതിനുശേഷം മെസേഴ്സ് ആർട്ട് ആൻറ് കമ്പനിയെന്ന മദ്രാസിലുള്ള സ്ഥാപനം ഈ കമ്പനി ലീസിന് എടുത്ത് കൊക്കൊ പ്രോസസ് ചെയ്യുന്നതിനുള്ള നടപടി എടുത്തതായി കാണുന്നുണ്ട്, കൊക്കൊകൃഷിക്കാരിൽനിന്നും അവർ നേരിട്ടും എജന്റൻമാർ മുഖാന്തിരവും 90 ദിവസത്തേയ്ക്കുള്ള കടംവച്ചുകൊണ്ട് കൊക്കൊ എടുത്തിരുന്നു. 22-ാം തീയതിവരെ അവർ എടുത്തിട്ടുള്ള കൊക്കൊയുടെ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ പൈസയും കൊടുത്തുകഴിഞ്ഞുവെന്നാണ് കമ്പനി സെക്രട്ടറി പറഞ്ഞിരിക്കുന്നത്. ഇനി കൊടുത്തുതീർക്കാനുള്ളത് മൂന്ന് ലക്ഷം രൂപയാണ്. അവരുടെ കൈവശം 30 ലക്ഷം രൂപയുടെ പൊടി സ്റ്റോക്ക് ഉണ്ടെന്നും ആ പൊടി വിൽക്കുന്നതിനുവേണ്ടി ഇൻഡ്യാ ഗവൺമെൻറിനെ സമീപിച്ചിട്ടുണ്ടെന്നും ഇൻഡ്യാ ഗവൺമെൻറ് ജഗത് ഇൻഡസ്ട്രി, ലുധിയാന, പഞ്ചാബ് എന്ന Manufacturers ആയി ബന്ധപ്പെട്ട് അവരെക്കൊണ്ട് ഈ കൊക്കോപ്പൊടി എടുപ്പിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടെന്നും പൊടിക്ക് പുറമെ 75 Ton ഉണക്കിയ കൊക്കൊകൂടി അവരുടെ കൈവശമുണ്ടെന്നും അതുകൊണ്ട് ഇവർ കൊക്കൊ വാങ്ങിയിട്ടുള്ള മുഴുവൻ ആളുകൾക്കും പൈസ കൊടുത്തു തീർക്കുന്നതാണെന്നും ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്. ഈ കമ്പനിയിൽ ഗവൺമെൻറിന് യാതൊരു കൺട്രോളുമില്ല. ഇത്രയും വിവരങ്ങളാണ് ഗവൺമെൻറിന് കിട്ടിയിട്ടുള്ളത്.

[ശ്രീ. പി. സി. ജോർജ്: കോതമംഗലത്തെ ഒരു ഏജൻറിന് മാത്രമായിട്ട് മൂന്നേമുക്കാൽ ലക്ഷം രൂപയുടെ രസീതാണുള്ളത്, 9-5-1981ലുള്ളതാണ്. ഗവൺമെൻറ് പറഞ്ഞത് മൂന്ന് ലക്ഷം രൂപയേ കൊടുക്കാനുള്ളുവെന്നാണ്.

(2) കല്ലട ജലസേചന പദ്ധതിയുടെ ആയക്കെട്ട് ഏരിയായിൽ നിന്നും ഒഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസം

[ശ്രീ. പി. കെ. ശ്രീനിവാസൻ: കല്ലട ജലസേചന പദ്ധതിയുടെ പാർഷ്യൽ കമ്മീഷനിങ്ങ് ഈ സെപ്റ്റംബർമാസം നടക്കാൻ പോകുന്നതായിട്ടാണ് അറിയുന്നത്. ജലവിതാനം 285 അടി ഉയരുന്നതോടുകൂടി ആയക്കെട്ട് ഏരിയായിൽപ്പെട്ട മാമൂട്, കുറവൻകോണം, മാധവൻകോണം, കുളംകുന്ന് എന്നീ പ്രദേശങ്ങളിൽ അധിവസിക്കുന്ന 285 കുടുംബങ്ങളെ യഥാർത്ഥത്തിൽ അവിടെ നിന്ന് ഒഴിപ്പിക്കേണ്ടതായിട്ടുണ്ട്, അത് കൂടാതെ തൊട്ടടുത്ത പ്രദേശമായ പട്ടാഴികരിക്കം, മരുത്മൂട് എന്നിവിടങ്ങളിൽ 19 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായി വരുമെന്നാണ് കണക്കാക്കുന്നത്. 1978-ൽ തന്നെ ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി കുളത്തൂപ്പുഴ വില്ലേജിലുള്ള കല്ലുവെട്ടാംകുഴി എന്ന സ്ഥലത്ത് വനംവെട്ടി തെളിച്ച് പുനരധിവസിപ്പിക്കണമെന്നാണ് ബന്ധപ്പെട്ട ആളുകൾ പറഞ്ഞിരുന്നത്. 1978-ൽ ഇവരെ പുനരധിവസിപ്പിക്കുമെന്ന് അന്നത്തെ ഇറിഗേഷൻമന്ത്രി ഈ സഭയ്ക്ക് ഉറപ്പു തന്നതാണ്. മൂന്ന് സംവൽസരങ്ങൾ കഴിഞ്ഞു. അടുത്തമാസം പാർഷ്യൽ കമ്മീഷനിങ്ങ് നടക്കും. ഇതുവരെ നടപടികളൊന്നും ആയിട്ടില്ല. 295 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള വനം വെട്ടിത്തെളിച്ച് അവരെ ഏൽപ്പിക്കത്തക്കവണ്ണം സജ്ജമാക്കിയിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. ഇടവപ്പാതിക്കാലത്തുതന്നെ ഏഴര കുടുംബം വെള്ളത്തിലായിട്ടുണ്ട്. 285 അടി ജലവിതാനം ഉയരുന്നതോടുകൂടി എന്ത് പ്രയാസമാണ് അവിടെ വരുന്നതെന്ന് ഇപ്പോൾ ഊഹിക്കാൻ വയ്യ. അതുകൊണ്ട് 1978-ൽ തന്ന ഉറപ്പ് പാലിക്കണം. ഈ കുടുംബങ്ങളെ മുഴുവൻ കല്ലുവെട്ടാംകുഴിയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള സത്വരമായ നടപടി സ്വീകരിക്കണം. അതിനാവശ്യമായ ക്ലിയർ ഫെല്ലിങ്ങ് വനത്തിൽ നടത്തണം. അതുപോലെതന്നെ പട്ടാഴികരിക്കം മരുതുമൂട് എന്നീ പ്രദേശ

LIBRARY ARCHIVES Kerala Legislative Assembly